## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ - 2945

10.03.2017-ൽ
മറുപടിയ്ക്ക്

## തൃശ്ശൂർ-കാഞ്ഞാണി-വാടാനപ്പള്ളി റോഡിന്റെ നിർമ്മാണം

| ചോദ്യം<br>ശ്രീ.മുരളി പെരുനെല്ലി | ഉത്തരം<br>ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| --- | --- |
| (എ) 2007-2008 ലെ ബഡ്ജററിൽ സംസ്ഥാന പാത - 75 ആയി പ്രഖ്യാപിച്ച തൃശ്ശൂർ-കാഞ്ഞാണി-വാടാനപ്പള്ളി റോഡിന്റെ നിർമ്മാണം 17 മീറ്റർ വീതിയിൽ ഭൂമി ഏറ്റെടുത്ത് നടത്തുന്നതിനായി 2011 ൽ 32.60 കോടി രൂപ അന്നത്തെ സർക്കാർ അനുവദിച്ചതിൽ തുടർ നടപടികൾ വിശദീകരിക്കാമോ; | (എ) തൃശ്ശൂർ - കാഞ്ഞാണി - വാടാനപ്പള്ളി റോഡിന്റെ (ആദ്യ ഘട്ടം - കിമീ. 0/000 മുതൽ 9/000 – വെസ്റ്റ് ഫോർട്ട് മുതൽ ഇരവ് വരെ) ഇരുവശവും 17 മീറ്റർ വീതിയിൽ വികസിപ്പിക്കുവാനും, കലുങ്ക്, സംരക്ഷണ ഭിത്തി, കാന എന്നിവയുടെ നിർമ്മാണങ്ങൾക്കുമായി 22 കോടി രൂപയുടെ സാങ്കേതികാനുമതി നൽകുകയും, പ്രവൃത്തി ടെണ്ടർ ചെയ്യുകയും, M/s. കദ്രോളി ബിൽഡേഴ്സ് ഇൻഫ്രാസ്ട്രക്ച്ചേഴ്സ് (P) ലിമിറ്റഡ് എന്ന കമ്പനിയുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. 16.01.2017-ൽ ബഹു. കൃഷിമന്ത്രിയുടെ അദ്ധ്യക്ഷതയിൽ തൃശ്ശൂർ കളക്ടേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഫാസ്റ്റ് ട്രാക്കിൽ ഉൾപ്പെടുത്തി പൊന്നുംവില ഭൂമി ഏറ്റെടുക്കൽ നടപടികളുടെ സാധ്യതാ റിപ്പോർട്ട് സമർപ്പിക്കുവാൻ റവന്യൂ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഭൂമി നഷ്ടപ്പെടുന്നവർക്ക് അർഹമായ നഷ്ടപരിഹാരവും പുനരധിവാസവും ഉറപ്പുവരുത്തുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) 17 മീറ്റർ വീതിയിൽ ഹൈവേ നിർമ്മാണത്തിനായി അനുവദിച്ച തുക ഹൈവേ 75 എന്ന പേരു മറച്ചുവെച്ച് 9 കിലോമീറ്റർ നീളത്തിൽ നിലവിൽ പലസ്ഥലത്തും 8 മീറ്റർ പോലും വീതിയില്ലാത്ത റോഡ് ടാറിംഗിന് മാത്രമായി എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്ത നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ടെൻഡർ റദ്ദാക്കി ഹൈവേ നിർമ്മാണത്തിന്റെ ആദ്യഘട്ടം 9 കിലോമീറ്റർ നീളത്തിൽ ഭൂമി ഏറ്റെടുത്ത് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ അടിയന്തിര നടപടികൾ എടുക്കുമോ? | (ബി) 01.03.2011-ലെ സ.ഉ. (സാധാ) നം. 438/2011/പൊ.മ.വ പ്രകാരം 0/000 മുതൽ 16/120 കി.മീ. വരെയുള്ള ദൂരം സ്റ്റേറ്റ് ഹൈവേ നിലവാരത്തിൽ അപ്ഗ്രേഡ് ചെയ്യുന്നതിന് 13.8951 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നത് ഉൾപ്പെടെയുള്ള ചെലവുകൾക്ക് 33.60 കോടി രൂപയുടെ ഭരണാനുമതി നൽകുകയും, തുടർന്ന് ഭൂമി ഏറ്റെടുക്കൽ നടപടികൾ സ്വീകരിക്കുകയും ചെയ്തു. എന്നാൽ 19.07.2014-ൽ മുൻ പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനമനുസരിച്ച് 15 മീറ്റർ വീതി വരെ സ്ഥലം |

ലഭ്യമാകുന്ന സ്ഥലത്ത് പ്രവൃത്തികൾ ആരംഭിക്കുവാൻ നിർദ്ദേശം നൽകുകയും, അതനുസരിച്ച് 0/000 കി.മീ. മുതൽ 9/000 കി.മീ. വരെയുള്ള ദൂരം, 12 മീറ്റർ ശരാശരി വീതിയിൽ റോഡ് നിർമ്മാണത്തിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് 10.08.2015-ലെ സ.ഉ. (സാധാ) നം. 1180/2015/പൊ.മ.വ പ്രകാരം സാങ്കേതികാനുമതി നൽകുകയും ചെയ്തു. ഈ പ്രവൃത്തിയ്ക്കാണ് ടെണ്ടർ നടപടികൾ സ്വീകരിച്ചത്. പ്രസ്തുത ഒന്നാം ഘട്ട നിർമ്മാണത്തിനുള്ള 9 കി.മീ.-ൽ ഭൂരിഭാഗം സ്ഥലത്തും 12 മീറ്റർ വീതിയിൽ ടാറിംഗ് ചെയ്യുന്നതിന് സ്ഥലം ലഭ്യമാണ്, ചില ഭാഗങ്ങളിൽ ഭൂമി ഏറ്റെടുക്കുവാനായുള്ള അഭ്യർത്ഥന തൃശ്ശൂർ ജില്ലാ കളക്ടർക്ക് 22.02.2016-ൽ നൽകിയിട്ടുള്ളതുമാണ്. സാങ്കേതികാനുമതിയിൽ പ്രവൃത്തിയുടെ പേരിൽ സ്റ്റേറ്റ് ഹൈവേ എന്നത് ഉൾപ്പെടാതിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 17 മീറ്റർ വീതിയിൽ സ്ഥലം ഏറ്റെടുക്കുന്നതിനായി റവന്യൂ വകുപ്പ് നടപടികൾ പൂർത്തിയായാൽ മാത്രമേ ശരിയായ അർത്ഥത്തിൽ റോഡ് വികസനം സാധ്യമാകൂ.

സെക്ഷൻ ഓഫീസർ